കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 10 | ലക്കം 2 | ഏപ്രിൽ 30 2022

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

## അകത്താളുകളിൽ

3 കാർഷിക സംരംഭകത്വ മേള ഉദ്ഘാടനം ചെയ്തു

5 തൃശ്ശൂർ പൂരം പ്രദർശന നഗരിയിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ പ്രദർശന പവലിയൻ

7 നമുക്ക് കൃഷിയിലേക്ക് ഇറങ്ങാം നല്ല ഭക്ഷണം കഴിക്കാം

# ഞങ്ങളും കൃഷിയിലേക്ക് സംസ്ഥാന തല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു




കൃഷിവകുപ്പിന്റെ ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 21 ന് ചേർത്തലയിൽ വച്ച് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവ്വഹിച്ചു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർത്തല എൻ എസ് എസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ, ആലപ്പുഴ എം.പി. ശ്രീ. എ.എം. ആരിഫ്, ആലപ്പുഴ എം.എൽ.എ ശ്രീ പി.പി. ചിത്തരഞ്ചൻ, അമ്പലപ്പുഴ എം.എൽ.എ ശ്രീ. എച്ച്. സലാം, കുട്ടനാട് എം.എൽ.എ ശ്രീ തോമസ് കെ തോമസ്, കാർഷികോൽപ്പാദന കമ്മീഷണർ ശ്രീമതി. ഇഷിതറോയ് ഐ.എ.എസ്, കൃഷി വകുപ്പ് സെക്രട്ടറി ശ്രീ പി.എം.അലി അസ്ഗർ പാഷ ഐ.എ.എസ്, കൃഷി വകുപ്പ് ഡയറക്ടർ ശ്രീ. ടി.വി. സുഭാഷ് ഐ.എ.എസ്, ജില്ലാ കളക്ടർ ഡോ.രേണരാജ് ഐ.എ.എസ്, മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. ഷെർലി ഭാർഗവൻ, സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, കൃഷി അഡീഷണൽ ഡയറക്ടർ ശ്രീമതി. സോണിയ വി.ആർ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ശ്രീ. ആർ. സുനിൽകുമാർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. വി. രജത മുതിർന്ന കർഷകൻ ശ്രീ തോമാആന്റണി എന്നിവർ പങ്കെടുത്തു

ചീഫ് എഡിറ്റർ - സുനിൽകുമാർ ആർ.
എഡിറ്റർ - ഡോ. ആശ റ്റി.റ്റി.
അസോസിയേറ്റ് എഡിറ്റർ - എസ്. ശരത്ചന്ദ്രകുമാർ
അസിസ്റ്റൻറ് എഡിറ്റർ - വിഷ്ണു എസ്.പി.

കേരള സർക്കാരിന്റെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ ഹാളിൽ വച്ച് കൂടിയ എറണാകുളം ,തൃശ്ശൂർ ആലപ്പുഴ ജില്ലകളിലെ കൃഷി വകുപ്പ്, മണ്ണുപരി വേക്ഷണ - മണ്ണ സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തെ കൃഷി വകുപ്പ് മന്ത്രി ശ്രീ പി. പ്രസാദ് അഭിസംബോധന ചെയ്തു സംസാരിക്കുന്നു.




കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിൻ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് മലപ്പുറം, പാലക്കാട് ജില്ലകളിലെ കൃഷി വകുപ്പ്, മണ്ണുപരി വേക്ഷണ - മണ്ണുസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥർക്കുള്ള ശില്പശാലയിൽ മന്ത്രി ശ്രീ പി. പ്രസാദ് മുഖ്യപ്രഭാഷണം നടത്തുന്നു




കേരള സർക്കാരിന്റെ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഭാഗമായി എറണാകുളം പ്രിൻസിപ്പൽ കൃഷി ഓഫീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ജില്ലാതല കാമ്പയിൻ ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന വിവിധ പരിപാടിയിൽ നിന്നും.




കേരള സർക്കാരിന്റെ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ കൃഷി വകുപ്പ്, മണ്ണുപരി വേക്ഷണ - മണ്ണുസംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തെ കോട്ടയം തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ് അഭിസംബോധന ചെയ്യുന്നു.



# കാർഷിക സംരംഭകത്വ മേള ഉദ്ഘാടനം ചെയ്തു

ഒല്ലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന കാർഷിക വികസന പദ്ധതിയായ ഒല്ലൂർ കൃഷി സമൃദ്ധിയുടെ ഭാഗമായി കാർഷിക സംരംഭകത്വ മേള റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ മണ്ണുത്തി വെറ്ററിനറി കോളേജ് അങ്കണത്തിൽ വെച്ച് ഉദ്ഘാടനം നിർവഹിക്കുന്നു. ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത്, നബാർഡ്, ഒല്ലൂക്കര കാർഷിക വിജ്ഞാന കേന്ദ്രം എന്നിവയുടെ ആഭിമുഖ്യത്തിലാണ് മേള സംഘടിപ്പിച്ചത്.



## "ഞങ്ങളും കൃഷിയിലേക്ക്"- ഔദ്യോഗിക ലോഗോ



# ബ്ലോക്ക്തല നഴ്സറി ഉദ്ഘാടനം

വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പണികഴിപ്പിച്ച ബ്ലോക്ക്തല നഴ്സറിയുടെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി. തുളസി സോമൻ നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെ ഒരു ലക്ഷം രൂപ ധനസഹായത്തോടെ ആകെ രണ്ട് ലക്ഷം രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തിയാക്കിയത്. വൈപ്പിൻ ബ്ലോക്ക് പ്രദേശത്തുള്ള എല്ലാ കൃഷിഭവനുകളിലേക്കും ആവശ്യമുള്ള പച്ചക്കറി തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തുന്നതിന് ഈ നഴ്സറിക്ക് കഴിയും. പള്ളിപ്പുറം കൃഷിഭവന് കീഴിൽ പ്രവർത്തിക്കുന്ന പ്രകൃതി ജൈവകൃഷി സംഘത്തിനാണ് നഴ്സറിയുടെ നടത്തിപ്പ് ചുമതല.



പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി രമണി അജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ കെ എ സാജിത്, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി സുബോധ് ഷാജി, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ ഇ കെ ജയൻ, ബ്ലോക്ക് മെമ്പർ ശ്രീ അഗസ്റ്റിൻ മുണ്ടോത്ത്, പ്രകൃതി ജൈവകൃഷി സംഘം പ്രസിഡണ്ട് ശ്രീ രാജു, ബ്ലോക്ക് ഗ്രാമ പഞ്ചായത്തംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു .

വർക്കല ബ്ലോക്ക് ക്ഷീരകർഷക സംഗമം ഉത്ഘാടനം ചെയ്തു.



ആലപ്പുഴ ജില്ലാ ക്ഷീരസംഗമവും ക്ഷീരഗ്രാമം പദ്ധതിയും ഉത്ഘാടനം ചെയ്തു.



എറണാകുളം ജില്ലാ ക്ഷീര സംഗമത്തിന് സമാപനം കുറിച്ചുകൊണ്ടുള്ള പൊതു സമ്മേളനവും, NCFR പദ്ധതി ജില്ലാതല ഉദ്ഘാടനവും നിർവ്വഹിച്ചു.





കടലുണ്ടി പഞ്ചായത്ത് ക്ഷീര ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനവും ജില്ലാ ക്ഷീര കർഷക സംഗമം പരിപാടിയുടെ ഉദ്ഘാടനവും ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ ഉദ്ഘാടനം ചെയ്തു.

# തൃശ്ശൂർ പൂരം പ്രദർശന നഗരിയിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ പ്രദർശന പവലിയൻ



തൃശ്ശൂർ പൂരം പ്രദർശന നഗരിയിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനു വേണ്ടി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ പ്രദർശന പവലിയന്റെ ഉദ്ഘാടനം തൃശ്ശൂർ എംഎൽ എ ശ്രീ. പി. ബാലചന്ദ്രൻ നിർവഹിച്ചു.

കൃഷി വകുപ്പിന്റെ മൂന്ന് ജനകീയ പദ്ധതികൾ മേളയിൽ അവതരിപ്പിച്ചിരിക്കുന്നു . കേരള സർക്കാരിന്റെ നൂറു ദിന കർമ്മ പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ നൂതന പദ്ധതിയായ ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിയുടെ ഒരു 3D മാതൃകയും ,സൂര്യകാന്തി പാടവും മുഖ്യ ആകർഷണങ്ങളാണ്.

സംയോജിത കൃഷി മാതൃകയും കാർബൺ ന്യൂലിത കൃഷിയെക്കുറിച്ചുള്ള ഒരു ബോധവൽക്കരണവും ഉൾപ്പെടുത്തിയാണ് പവലിയൻ ഒരുക്കിയത്. കാണികൾക്ക് സെൽഫി എടുക്കാൻ പ്രത്യക സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.



# ‘ഞങ്ങളും കൃഷിയിലേക്ക്’, ബഹുജന ക്യാമ്പയിൻ സംഘടിപ്പിച്ചു




സർക്കാരിന്റെ അഭിമാന പരിപാടിയായ "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനത്തോടനുബന്ധിച്ച് നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ ബഹുജന ക്യാമ്പയിൻ സംഘടിപ്പിച്ചു.

വെള്ളായണി കാർഷിക കോളേജിലെ NSS വിദ്യാർത്ഥികളുടെ ഫ്ലാഷ് മോബോടെയാണ് കാമ്പയിൻ ആരംഭിച്ചത്, തുടർന്ന് ഔപചാരികമായ ഉദ്ഘാടനവും നടന്നു. വാമനപുരം എം.എൽ.എ അഡ്വ.ഡി.കെ. മുരളി ക്യാമ്പയിൻ ഔപചാരികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് 'ഞങ്ങളും കൃഷിയിലേക്ക്' പരിപാടിയുടെ ഔദ്യോഗിക പ്രതിജ്ഞയെടുത്തു. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി വി അമ്പിളി അധ്യക്ഷത വഹിച്ചു.

"ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടിയെ പിന്തുണയ്ക്കുന്ന ജനകീയ സിഗ്നേച്ചർ കാമ്പയിൻ ഉദ്ഘാടനം ഇതിനായി ക്യാൻവാസിൽ രൂപകല്പന ചെയ്ത മരത്തിന്റെ ആദ്യ ഇലയിൽ ഒപ്പിട്ട് കൊണ്ട് എംഎൽഎ അഡ്വ. ഡി.കെ.മുരളി നിർവ്വഹിച്ചു. കാർഷിക കോളേജ് വെള്ളായണിയിലെ ശാസ്ത്രജ്ഞർ, വിദ്യാർഥികൾ, കർഷകർ, കൃഷി വകുപ്പിലെയും ബ്ലോക്ക് പഞ്ചായത്തിലെയും ഉദ്യോഗസ്ഥർ, എന്നിവർ ജനകീയ ഒപ്പുശേഖരണത്തിൽ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് ബ്ലോക്കിലെ കൃഷി ഭവനുകളിലേക്കുള്ള പച്ചക്കറി തൈ വിതരണവും നടത്തി.

കാർഷിക കോളേജ് വെള്ളായണിയിലെ അഗ്രികൾച്ചറൽ ഇൻഫർമേഷൻ സപ്പോർട്ട് സർവീസസ് എന്ന എക്സ്പീരിയൻഷ്യൽ ലേണിംഗ് പ്രോഗ്രാമിലെ വിദ്യാർത്ഥികൾ 'കാർബൺ തുല്യതാ കൃഷി' എന്ന വിഷയത്തിൽ സ്കിറ്റ് അവതരിപ്പിക്കുകയും മറുനാടൻ പഴങ്ങളുടെ പരിപാലനമുറകൾ എന്ന വിഷയത്തിൽ ചർച്ച നടത്തുകയും ചെയ്തു. വെള്ളായണി പോമോളജി വിഭാഗം അസി. പ്രൊഫസറും മേധാവിയുമായ ഡോ.സിമി എസ്. ചർച്ചക്ക് നേതൃത്വം കൊടുത്തു

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഡോ. ജോമി ജേക്കബ് സ്വാഗതവും നെടുമങ്ങാട് കൃഷി ഫീൽഡ് ഓഫീസർ ശ്രീമതി സുനിമോൾ നന്ദിയും പറഞ്ഞു.



# നമുക്ക് കൃഷിയിലേക്ക് ഇറങ്ങാം നല്ല ഭക്ഷണം കഴിക്കാം

കോഴിക്കോട് ബീച്ചിൽ നടക്കുന്ന മന്ത്രിസഭാ വാർഷിക ആഘോഷത്തിന്റെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഒരുക്കിയ പ്രദർശന സ്റ്റാളുകൾ സന്ദർശകരെ ഏറെ ആകർഷിക്കുന്നു. സംസ്ഥാന സർക്കാരിന്റെ അഭിമാന പദ്ധതിയായ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി ഈ പ്രദർശനത്തിലെ മുഖ്യ ആകർഷണമാണ്.




ഓരോ കുടുംബത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംയോജിത കൃഷി തോട്ടം എങ്ങനെ ഒരുക്കാം എന്നതിന് ഒരു ഉത്തമ മാതൃക പ്രവേശന കവാടത്തോട് ചേർന്ന് ഒരുക്കിയിരിക്കുന്നത് നമുക്ക് ഇവിടെ കാണാം. കോഴിക്കോട് അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി ഒരു ജൈവ ഗൃഹം മാതൃകയിൽ പോഷക തോട്ടം, മൃഗപരിപാലനം, മത്സ്യകൃഷി, മഴവെള്ളസംഭരണം എന്നിവ നമുക്ക് ഓരോരുത്തർക്കും എങ്ങനെ വീട്ടിൽ ഉണ്ടാക്കാം എന്ന് മനസ്സിലാക്കി തരുന്ന രീതിയിലാണ് മാതൃക തോട്ടം സജ്ജമാക്കിയിരിക്കുന്നത്.

കേരളത്തിന്റെ കാർഷിക പാരമ്പര്യം വിളിച്ചോതുന്ന സാമൂതിരി രാജാവിന്റെ ഛായ ചിത്രത്തോടൊപ്പം ഉള്ള വാക്കുകളും ഞാറ്റുവേല കലണ്ടറും സ്റ്റാളുകളുടെ ആകർഷണീയത കളിൽ ഒന്നാണ്. കർഷകർക്ക് കൃഷി വകുപ്പ് നൽകുന്ന വിവിധ ഓൺലൈൻ സേവനങ്ങളെക്കുറിച്ചുള്ള സംശയ ദൂരീകരണം നടത്താൻ ഒരു ഹെൽപ്പ് ഡെസ്ക് ഇവിടെ പ്രവർത്തിക്കുന്നു. സസ്യ രോഗ പരിശോധന നടത്തുന്നതിനും കർഷകർക്ക് ശാസ്ത്രീയ നിർദേശങ്ങൾ നൽകുന്നതിനുമായി പ്ലാന്റ് ഹെൽത്ത് ക്ലിനിക് പ്രദർശനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഇവിടെ കൃഷി ഓഫിസിറുടെ സേവനം ലഭ്യമാണ്.

കോഴിക്കോട് ജില്ലയിലെ ഫാമുകളുടെ സ്റ്റാളുകൾ, സസ്യ മണ്ണ് പ്രകൃതി സംരക്ഷണത്തിനായി കാർബൺ തുലിത കൃഷി, ഭാരതീയ പ്രകൃതികൃഷി പദ്ധതി, വരുമാനം ഇരട്ടിപ്പിക്കുന്നതിനായി നെല്ലും മീനും കൃഷി, കാർഷിക എൻജിനീയറിങ് വിഭാഗത്തിന്റെയും കേരള യന്ത്രവല്ക്കരണ മിഷന്റെയും സ്റ്റാളുകളും ഫാം ടൂറിസത്തിന്റെ പ്രത്യേകം സ്റ്റാളുകളും ഇവിടെ ഒരുക്കിയിരിക്കുന്നു.

കൃഷിയിടങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്കൊപ്പം ഫോട്ടോ എടുക്കാൻ ഉള്ള സെൽഫി സംവിധാനവും ഇവിടെ ഒരുക്കിയിരിക്കുന്നു. കാർഷിക സംബന്ധമായ വിവിധ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും, കൃഷിരീതികളെ കുറിച്ച് വിവരിക്കുന്ന ലീഫ് ലെറ്റുകളും ബുക്ക് ലൈറ്റുകളും സൗജന്യമായി ഇവിടെ നിന്നും ലഭിക്കുന്നു.



# ഇന്ത്യയിൽ കാർഷിക മേഖലയുടെ ഉന്നമനത്തിന് കാർഷിക ബജറ്റ് അനിവാര്യം

## ശ്രീ. ബെന്നി ബെഹനാൻ എം.പി.





ഇന്ത്യയിൽ കാർഷിക മേഖലയുടെ ഉന്നമനത്തിന് പ്രത്യേക കാർഷിക ബജറ്റ് അനിവാര്യമാണെന്ന് ചാലക്കുടി എം.പി ശ്രീ. ബെന്നി ബെഹനാൻ. കൃഷി വകുപ്പ് അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസിയുടെയും (ആത്മ), കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കുറുപ്പംപടി സിറിയൻ ക്രിസ്ത്യൻ യൂത്ത് ലീഗ് ഹാളിൽ വച്ച് സംഘടിപ്പിച്ച ജില്ലാ കിസാൻ മേള ഉദ്ഘാടനം ചെയ്യുകയായിരുന്ന അദ്ദേഹം.

ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിലെ ആധുനിക സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിയാൽ മാത്രമെ പുതുതലമുറ കൃഷിയിലേക്ക് ആകർഷിക്കപ്പെടുകയുള്ളൂ. പുതിയ വിപണന തന്ത്രങ്ങളിലൂടെ മാത്രമെ കർഷകരെ ചൂഷണം ചെയ്യുന്ന സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കഴിവ് കർഷകന് ലഭിക്കുകയുള്ളുവെന്ന് അദ്ദേഹം പറഞ്ഞു.

"ആസാദി കാ അമൃത് മഹോത്സവ് " കിസാൻ ഭാഗീദാരി പ്രാഥമികതാ ഹമാരി കാമ്പയിന്റെ ഭാഗമായി സംഘടിപ്പിച്ച മേളയിൽ കാർഷിക സെമിനാറുകൾ, കർഷക ശാസ്ത്രജ്ഞ മുഖാമുഖം, കാർഷികോല്പന്നങ്ങളുടെ പ്രദർശനവും വില്പനയും മൃഗസംരക്ഷണ- ക്ഷീര വികസന വകുപ്പിന്റെ പ്രദർശന വില്പന സ്റ്റാളുകൾ, സഞ്ചരിക്കുന്ന മണ്ണുപരിശോധന ലാബിൽ മണ്ണുപരിശോധന സൗകര്യം, കാർഷികോല്പന്നങ്ങളുടെ വിപണനം എന്നിവയാണ് ഒരുക്കിയിരിക്കുന്നത്.

ജില്ലയിൽ നിന്നുള്ള സംസ്ഥാന കാർഷിക അവാർഡ് ജേതാക്കളായ സെന്റ് ജോസഫ് ബോയ്സ് ഹോസ്റ്റൽ കുന്നമ്മാവ്, അങ്കമാലി കരിങ്കൽ പുരം വെജിറ്റബിൾ ക്ലസ്റ്റർ മഞ്ഞപ്ര എന്നിവരെ എം പി യും എം എൽ എ യു ചേർന്ന് വേദിയിൽ ആദരിച്ചു.

പെരുമ്പാവൂർ എം എൽ എ അഡ്വ. എൽദോസ് കുന്നപ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. നൂതനാശയങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതിന് ഇത്തരത്തിലുള്ള കാർഷികമേളകൾക്ക് സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ജില്ലാ ഡവലപ്മെന്റ് കമ്മീഷണർ ഷിബു ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. ആത്മ പ്രൊജക്ട് ഡയറക്ടർ ശ്രീമതി. ഷീല പോൾ, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബേസിൽ പോൾ, കൂവപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മിനി ബാബു, മുടക്കുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.പി. അവറാച്ചൻ, അശമന്നൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഷിജി ഷാജി, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. മോളി തോമസ് ജില്ലാ പഞ്ചായത്ത് മെമ്പർമാരായ ശ്രീ. മനോജ് മൂത്തേടൻ, ശ്രീമതി. ശാരദ മോഹൻ, ശ്രീമതി. ഷൈമി വർഗീസ്, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരായ ശ്രീ. തോമസ് സാമുവേൽ, ശ്രീമതി. അനിതാ ജെയിംസ്, ശ്രീ. സെറിൻ ഫിലിപ്പ്, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീ. അന്ന അബീഷ്, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ബാബു സി.ജെ.കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. മോളി പി.എൻ എന്നിവർ പങ്കെടുത്തു. കിസാൻ മേള ഇന്ന (27 - 4 - 2022) സമാപിക്കും

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sunilkumar R., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Asha T.T., Design & Layout : Maya Santhosh